## 23

# നിങ്ങൾക്ക് ചോദ്യങ്ങളുണ്ടോ? ദൈവത്തിന് ഉത്തരമുണ്ട്!

## (6:9–11)

“ആദ്യക്രിസ്തീയ നാടകത്തിന്റെ”[1] തിരശീല നാല് പ്രാവശ്യം ഉയർന്നു. നാശത്തിന്റെ പരീക്ഷണം വിട്ടുകൊണ്ട് ഭൂമിയിലങ്ങോളമിങ്ങോളം പായുന്ന ഭയാനക കുതിരയോട്ടം യോഹന്നാൻ നാല് പ്രാവശ്യം കണ്ടു.

കുതിരക്കുളമ്പടികൾ ദൂരെ മറഞ്ഞപ്പോൾ, തിരശീല അഞ്ചാം പ്രാവശ്യം ഉയരുവാൻ തുടങ്ങി. കൂട്ടക്കൊലയുടെ ദൃശ്യം കണ്ടതിൽ യോഹന്നാന് അതിശയമുണ്ടായിക്കാണുകയില്ല, കാരണം ആ നാശത്തിനുശേഷം അവർക്ക് മരണാനന്തരജീവിതമുണ്ട്. പൊടിയിൽ ചതഞ്ഞരഞ്ഞു കിടക്കുന്ന മൃതശരീരങ്ങളുടെ നിശബ്ദമായ ദൃശ്യമായിരിക്കാം ഒരുപക്ഷെ യോഹന്നാൻ പ്രതീക്ഷിച്ചിരിക്കുക. പകരം, അവന്റെ കാതുകളിൽ വന്നലച്ചത് - കുഴപ്പങ്ങളുടെ ഇരമ്പൊലിയായിരുന്നു.

തിരശീല ഉയർന്നപ്പോൾ, നാല് കുതിരക്കാരുടെ പ്രവൃത്തികൾ നോക്കി, എന്നാൽ ഭൗതിക ലോകം ഏർപ്പാടിലില്ലായിരുന്നു. മറിച്ച്, അവൻ കണ്ണ് പായിച്ചത് ആത്മാക്കളുടെ ലോകത്തേക്കായിരുന്നു. പശ്ചാത്തലം ദൈവത്തിന്റെ വിശുദ്ധസ്ഥലവും, വേദിയുടെ മദ്ധ്യഭാഗത്ത് വലിയ യാഗപീഠവും ഉണ്ടായിരുന്നു. യാഗപീഠത്തിനു ചുറ്റിലേക്കും വരുന്ന ശബ്ദം ഭൂമിയിൽനിന്നാണെന്ന് തോന്നുന്നു.

യോഹന്നാൻ തന്റെ കണ്ണുകളെ നിയന്ത്രിച്ചപ്പോൾ, അവൻ യാഗപീഠത്തിൻകീഴിൽ ചുറ്റും നിഴൽ രൂപങ്ങൾ കണ്ടു: കുതിരക്കാരുടെ വന്യമായ ഓട്ടം നിമിത്തമുള്ള ഉപദ്രവത്താൽ തങ്ങളുടെ പ്രാണൻ വിട്ടുപോയ ക്രിസ്ത്യാനികളുടെ ആത്മാക്കളായിരുന്നു അവർ. ആ രക്തസാക്ഷികളുടെ കൈകൾ ദൈവത്തിന്റെ വിശുദ്ധസ്ഥലത്തേക്ക് നീട്ടിയിരുന്നു, അവരുടെ ശബ്ദങ്ങൾ പരിഭ്രമം നിറഞ്ഞതുമായിരുന്നു.

യോഹന്നാൻ കണ്ടത് ഈ വാക്കുകളാൽ വിവരിക്കുന്നു:

> അവൻ അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ, ദൈവവചനം നിമിത്തവും, തങ്ങൾ പറഞ്ഞ സാക്ഷ്യം ഹേതുവായും അറുക്കപ്പെട്ടവരുടെ ആത്മാക്കളെ ഞാൻ യാഗപീഠത്തിൻ കീഴിൽ കണ്ടു. “വിശുദ്ധനും സത്യവാനുമായ നാഥാ, ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെ കുറിച്ച്, നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതിരിക്കും?” എന്ന് അവർ ഉറക്കെ നിലവിളിച്ചു; അപ്പോൾ അവരിൽ ഓരോരുത്തനും വെള്ളനിലയങ്കി കൊടുത്തു. അവരെപോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം, അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്ന് അവർക്ക് അരുളപ്പാടുണ്ടായി (6:9–11). (ഈ പാഠത്തിന്റെ അവസാനം വരുന്ന “യാഗപീഠത്തിൻ കീഴിലെ

ആത്മാക്കൾ" എന്ന ചിത്രീകരണം നോക്കുക.)

അവരുടെ നിരുൽസാഹം യോഹന്നാൻ മനസിലാക്കിയിരിക്കണം. മോശെ എഴുതി, "അവൻ സ്വദാസന്മാരുടെ രക്തത്തിന് പ്രതികാരം ചെയ്യും ... തന്റെ ശത്രുക്കളോട് അവൻ പകരം വീട്ടും (ആവർത്തനപുസ്തകം 32:43). യേശു അതിനോട് യോജിച്ചു: "ദൈവമോ, രാപ്പകൽ തന്നോട് നിലവിളിക്കുന്ന തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും, അവരെ പ്രതി ക്രിയ നടത്തി രക്ഷിക്കയില്ലയോ ...?" (ലൂക്കൊസ് 18:7; കെജെവി). തങ്ങളുടെ ഉപദ്രവം എന്തുകൊണ്ട് നീണ്ടുപോകുന്നു എന്നത് ആദ്യക്രിസ്ത്യാനികൾക്ക് ഒരു കീറാമുട്ടി തന്നെയായിരുന്നേക്കാം.

"യാഗപീഠത്തിൻകീഴുണ്ടായിരുന്നവരുടെ" ചോദ്യം യോഹന്നാൻ ആരാഞ്ഞുകൊണ്ടിരുന്നപ്പോൾ തിരശീല വീണു. അവൻ ഇരുട്ടിൽ ഇരുന്നു തന്റെ തലയിൽ കെട്ടിമറിയുന്ന ചോദ്യങ്ങളുമായി മല്ലിടുന്നത് എനിക്ക് ഊഹിക്കുവാൻ കഴിയും. ദൈവത്തിന്റെ അവസാന ഉത്തരം *എന്തായിരിക്കും?*

അതിനുത്തരമെന്നപോലെ, തിരശീല വീണ്ടും ഉയരാൻ തുടങ്ങി. ഒരിക്കൽകൂടെ യോഹന്നാന്റെ കാതുകളിൽ ശബ്ദകോലാഹലങ്ങൾ ഉയർന്നു കേട്ടു. ഞെരുക്കവും, കൂട്ടിമുട്ടലും, പൊട്ടിത്തെറിയും അവൻ കേട്ടു: ലോകം രണ്ടായി കീറിമുറിക്കുന്ന പ്രതീതി! താൻ കണ്ടത് യോഹന്നാനെ ഞെട്ടിച്ചിരിക്കും. അവൻ അത് എഴുതിയപ്പോൾ അവന്റെ കൈ വിറച്ചോ?

> ആറാം മുദ്ര പൊട്ടിച്ചപ്പോൾ, വലിയോരു ഭൂകമ്പമുണ്ടായി, സൂര്യൻ കരിമ്പടം പോലെ കറുത്തു. ചന്ദ്രൻ മുഴുവനും രക്തതുല്യമായിതീർന്നു. അത്തിവൃക്ഷം പെരുങ്കാറ്റ്കൊണ്ട് കുലുങ്ങീട്ട് കായ് ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ ചുരുട്ടുമ്പോലെ, ആകാശം മാറിപോയി, എല്ലാമലയും ദ്വീപും സ്വസ്ഥാനത്ത്നിന്നു നീങ്ങിപോയി. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകലദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും, "ഞങ്ങളുടെ മേൽ വീഴുവിൻ, സിംഹാസനത്തിലിരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറെപ്പിൻ; അവരുടെ മഹാ കോപദിവസം വന്നു. ആർക്ക് നിൽപാൻ കഴിയും?" എന്നു പറഞ്ഞു (6:12-17).

അഞ്ചാം മുദ്രയും ആറാം മുദ്രയും പൊട്ടിച്ചപ്പോൾ കണ്ട ദൃശ്യത്തേക്കാൾ കൂടുതൽ നാടകീയത കലർന്ന ദൃശ്യം ഊഹിക്കുക തന്നെ പ്രയാസം. ആ രംഗങ്ങളുടെ അർത്ഥമെന്താണ്? അവ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ?

രണ്ടാമത്തെ ചോദ്യം സംബന്ധിച്ച്, അഞ്ചാം മുദ്രയിലെ ചോദ്യത്തിനു ദൈവം നൽകുന്ന ഉത്തരമാണ് ആറാം - മുദ്ര പൊട്ടിച്ചപ്പോൾ കണ്ട രംഗങ്ങൾ. ആദ്യത്തെ ചോദ്യത്തിന് ഉത്തരം പറയുമെന്ന് നാം പ്രത്യാശിക്കുന്നു - ഈ പാഠത്തിലും അടുത്തതിലും - "എന്താണ് അവയുടെ അർത്ഥം?" ഈ അവതരണത്തിൽ നാം അഞ്ചാം - മുദ്ര പരിശോധിക്കുന്നതാണ്; അടുത്തതിൽ, ആറാമത്തെ മുദ്ര നാം കാണും. അഞ്ചാം മുദ്ര വ്യക്തിപരമാക്കുവാൻ, ഞാൻ ഈ പാഠത്തെ, "നിങ്ങൾക്ക് ചോദ്യങ്ങളുണ്ടോ? ദൈവത്തിന് ഉത്തരമുണ്ട്."

എന്നു വിളിച്ചിരിക്കുന്നു.[2]

## നിങ്ങൾക്ക് ചോദ്യങ്ങളുണ്ട് (6:9, 10)

### ചോദ്യമുന്നയിക്കൽ

അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ, വെളിപ്പെട്ട രംഗത്തിന്റെ വിശദാംശങ്ങൾ നോക്കി നമുക്ക് തുടങ്ങാം. പല വസ്തുതകളും തീർച്ചയുള്ളതാണ്. ആദ്യം തന്നെ, വിവരിച്ചവർ രക്തസാക്ഷികളായിരുന്നു,[3] "തങ്ങൾ പറഞ്ഞ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും അറുക്കപ്പെട്ടവരായിരുന്നു അവർ" (വാ. 9). യേശുവിന്റെ മരണത്തിന് ഉപയോഗിച്ച അതേ വാക്ക് തന്നെയാണ് "അറുക്കപ്പെട്ട" എന്നതിന് ഉപയോഗിച്ചിരിക്കുന്നത് (5:6, 9, 12; കൂടാതെ 13:8 ഉം നോക്കുക).[4] യോഹന്നാൻ നാടു കടത്തപ്പെട്ട അതേ കുറ്റത്തിനാണ് അവർ കൊല്ലപ്പെട്ടത് (1:9; കൂടാതെ 1:2 ഉം നോക്കുക). ചക്രവർത്തിയുടെ "ബിംബത്തെ നമസിക്കരിക്കുവാൻ" അവർ തയ്യാറായില്ല എന്ന് നാം പിന്നീട് മനസിലാക്കും (13:15). മരണഭീഷണി ഉണ്ടായിട്ടും അവർ വിശ്വസ്തത വിട്ടുക ളയാതിരുന്നതുകൊണ്ട് (2:10), അവർ "തല ഛേദിക്കപ്പെട്ടു" (20:4). ക്രിസ്തു വിന്റെ നാമത്തിന് വേണ്ടി അവർ തങ്ങളുടെ ജീവൻ നൽകി.

യേശു തന്റെ ശിഷ്യന്മാരെ മുന്നറിയിച്ചു, "അന്ന് അവർ നിങ്ങളെ ഉപ ദ്രവത്തിന്ന് ഏൽപിക്കയും കൊല്ലുകയും ചെയ്യും. എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകെക്കും" (മത്തായി 24:9). സ്തെഫാനൊസിനെ കല്ലെറിഞ്ഞുകൊണ്ടും (പ്രവൃത്തികൾ 7:58–60) യാക്കൊബിന്റെ തല ഛേദി ച്ചുകൊണ്ടും ആണ് തുടങ്ങിയത് (പ്രവൃത്തികൾ 12:1, 2; മർക്കൊസ് 6:22–29). ക്രിസ്തീയ രക്തസാക്ഷികളുടെ രക്തക്കറ ഭൂമിയിൽ പുരണ്ടിരുന്നു. റോമാ സാമ്രാജ്യം അന്നുമുതൽ ക്രിസ്ത്യാനികൾക്കെതിരായി "തുറന്ന പോരാട്ടം"[5] പ്രഖ്യാപിക്കയുണ്ടായി. വെളിപ്പാട് എഴുതുമ്പോഴേക്ക്, രക്തസാക്ഷികളുടെ-എണ്ണം പൗലൊസും അവന്റെ സഹപ്രവർത്തകരായ ലൂക്കൊസും, തിമൊഥെ യൊസും, യോഹന്നാൻ ഒഴിച്ച് മറ്റെല്ലാ അപ്പൊസ്തലന്മാരും കർത്താവിന്നു പ്രിയപ്പെട്ട മറ്റനേകായിരങ്ങളായി വർദ്ധിച്ചിരുന്നു.

യോഹന്നാൻ ആ രക്തസാക്ഷികളുടെ ശരീരം കണ്ടില്ല, "ആത്മാക്കളെ യാണ്" കണ്ടത് എന്ന കാര്യം ശ്രദ്ധിക്കുക. *സൂക്കേ*[6] എന്ന ഗ്രീക്ക് വാക്കിന്റെ ബഹുവചനരൂപം തർജിമ ചെയ്തതാണ് "ആത്മാക്കൾ" എന്ന വാക്ക്, അതിന്റെ അർത്ഥം പലപ്പോഴും "ജീവൻ" എന്നാണ് (മത്തായി 20:28; വെളിപ്പാട് 12:11).[7] അവരുടെ അദ്രവത്വ ആത്മാക്കളെ[8] ആയിരിക്കാം ആ വാക്ക് സൂചിപ്പിക്കുന്നത്. ആത്മാവ് വസിച്ച ശരീരത്തെ സ്മരിപ്പിക്കുന്ന രൂപത്തിലായിരിക്കുമെന്നാണ് യെഹൂദന്മാർ വിചാരിച്ചിരുന്നത് (മത്തായി 14:26; ലൂക്കൊസ് 24:36, 37). (യോഹ ന്നാന്റെ സ്നേഹിതന്മാരിൽ പലരും രക്തസാക്ഷികളായിതീർന്നിരുന്നതുകൊ ണ്ട്, അവരിൽ ആരെയെങ്കിലും അവൻ തിരിച്ചറിഞ്ഞുകാണുമോ എന്ന് ഞാൻ സംശയിക്കുകയാണ്.)

തീർച്ചയുള്ള മറ്റൊരു വസ്തുത എന്തെന്നാൽ ആ വിശുദ്ധന്മാർ ഇപ്പോഴും ജീവിക്കുന്നു എന്നതാണ്. മരണം അവസാനമല്ലായിരുന്നു. അവരുടെ മരണ ത്താൽ അവർ നശിച്ചുപോയി എന്നാണ് അവരുടെ ശത്രുക്കൾ വിചാരിച്ചത്, എന്നാൽ അവർക്ക് മരണശിക്ഷ നടത്തിയവർ അവരെ കർത്താവിന്റെ സന്നിധി യിലേക്കാണ് അയച്ചത്.[9] ആ രക്തസാക്ഷികൾക്ക് തങ്ങൾ എവിടെയായിരുന്നു

എന്നും എന്തു സംഭവിച്ചു എന്നും അറിയാമായിരുന്നു. അവരുടെ ആത്മാക്കൾ ചിലർ അവകാശപ്പെടുന്നതുപോലെ വെറും നിദ്രയിലായിരുന്നില്ല.[10]

ഉപദ്രവം വളരെ നാളുകളായി നടന്നുകൊണ്ടിരിക്കുന്നു എന്നതായിരുന്നു തീർച്ചയുള്ള മൂന്നാമത്തെ കാര്യം – കാരണം മതിയായത്ര സമയം കഴിഞ്ഞു എന്നാണ് ആ രക്തസാക്ഷികൾ ബോധ്യമാക്കിയത്. ഉപദ്രവം തീവ്രവുമായിരുന്നു. വെളിപ്പാടിന്റെ കഴിഞ്ഞ അദ്ധ്യായങ്ങളിൽ, ഒരു രക്തസാക്ഷിയെയാണ് പറഞ്ഞത് – അന്തിപ്പാസ് (2:13) – എന്നാണ്; എന്നാൽ ഈ ദർശനം അനവധിപേരെ കുറിച്ച് പറയുന്നു. കൂടാതെ, ദൂരവ്യാപകമായ പീഢനം കഴിഞ്ഞിരിക്കയാണ്. ചോദ്യങ്ങൾക്കുത്തരമായി പറഞ്ഞത്, "അവർ മരിച്ചതുപോലെ അനേകർ മരിക്കുവാനിരിക്കുന്നു" എന്നാണ് (6:11).

മറ്റു വിശദാംശങ്ങൾക്ക് അത്ര തീർച്ചയില്ല. ഉദാഹരണത്തിന്, "യാഗപീഠത്തിൻ കീഴിൽ" എന്ന പ്രയോഗത്തിന്റെ അർത്ഥം?

വെളിപ്പാട് പുസ്തകത്തിൽ പഴയനിയമ വാക്കുകൾ ഉപയോഗിക്കുമ്പോൾ യാഗപീഠം എന്നത് തുടർച്ചയായി വരുന്നുണ്ട്, പ്രത്യേകിച്ച് സമാഗമനകൂടാരത്തിന്റേയും ദൈവാലയത്തിന്റേയും അലങ്കാരപ്രയോഗങ്ങളിൽ. വെളിപ്പാടിൽ പലപ്പോഴും ഉപയോഗിച്ചിട്ടുള്ള പദമാണ് യാഗപീഠം (8:5; 11:1; 14:18; 16:7) അത് സാധാരണ നമ്മെ ഓർപ്പിക്കുന്നത് അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കുന്നതിനു മുൻപ് ധൂപവർഗമർപ്പിക്കുന്നതിനുള്ള പൊന്നുകൊണ്ടുള്ള യാഗപീഠമാണ് (8:3; 9:13; പുറപ്പാട് 40:26, 27 നോക്കുക). എങ്ങനെ യായാലും, വെളിപ്പാട് 6–ൽ, രക്തസാക്ഷികൾ അവരുടെ രക്തം ദൈവത്തിന് *യാഗമായി* അർപ്പിച്ചിരുന്നതായി പറയുന്നു. പൊന്നുകൊണ്ടുള്ള യാഗപീഠത്തിൽ രക്തയാഗം അർപ്പിക്കാറില്ല, അത് വിശുദ്ധസ്ഥലത്തിന് പുറത്തുള്ള താമ്രം കൊണ്ടുള്ള യാഗപീഠത്തിലാണ് അർപ്പിക്കാറ് (പുറപ്പാട് 39:39; 40:29).[11] റോബെർട്ട് മൗൺസ് പറഞ്ഞു, "ആ യാഗപീഠം ധൂപവർഗത്തിനുള്ളതോ അതോ ദഹനയാഗത്തിനുള്ളതോ എന്നത് അപ്രധാനമാണ്[12]... യോഹന്നാന്റെ ദർശനത്തിൽ അവ രണ്ടും ചേർത്തു പറയാതിരിക്കുവാൻ കാരണം ഒന്നും കാണുന്നില്ല."[13] ദർശനത്തിലെ മുഖ്യവിഷയം യാഗമാകകൊണ്ട്, പ്രത്യക്ഷമായ യാഗപീഠം, "താമ്രം കൊണ്ടുള്ള യാഗപീഠം" ആയിരിക്കുവാനാണ് സാധ്യത (കെജെവി).[14]

യാഗപീഠത്തിൽ യാഗം കഴിച്ചിരുന്നതെങ്ങനെ എന്നറിയുവാൻ നാം പഴയനിയമം പരിശോധിക്കുമ്പോൾ, യാഗം കഴിക്കുന്ന മൃഗത്തിന്റെ "രക്തം മുഴുവനും" യാഗപീഠത്തിൻകീഴിൽ ഒഴിച്ചിട്ടായിരുന്നു ദഹനയാഗം അർപ്പിച്ചിരുന്നത് എന്ന് കാണാം (ലേവ്യാപുസ്തകം 4:18; കൂടാതെ വാ. 7, 30; പുറപ്പാട് 29:12 നോക്കുക). ജോസെഫസ് പറഞ്ഞതനുസരിച്ച്, പ്രതിഷ്ഠോൽസവദിനത്തിൽ, യാഗപീഠത്തിനു ചുറ്റും കണ്ണങ്കാൽ–വരെ രക്തമുണ്ടായിരിക്കും. "മാംസത്തിന്റെ ജീവൻ രക്തത്തിലല്ലോ എന്ന് ദൈവം പറഞ്ഞതനുസരിച്ചാണ്" ദൈവത്തിനുവേണ്ടി നടത്തിയ ചടങ്ങുകളുടെ ഭാഗമായിരുന്നു ഭൂമിയിൽ രക്തമൊഴിക്കുക എന്നത് (ലേവ്യാപുസ്തകം 17:11; കൂടാതെ വാ. 14; ആവർത്തനപുസ്തകം 12:23).

അപ്പോൾ, അവരുടെ ജീവനുള്ള രക്തം കർത്താവിന്ന് യാഗമായി അർപ്പിച്ചതുകൊണ്ട്, "യാഗപീഠത്തിൻകീഴിൽ" കണ്ട രക്തസാക്ഷികളുടെ ആത്മാക്കൾ പ്രാധാന്യമുള്ളവരാണ്, എന്ന് നാം തീർച്ചപ്പെടുത്തുന്നു.[15] തനിക്ക് വരുവാനിരിക്കുന്ന രക്തസാക്ഷിത്വത്തെ കുറിച്ച് പൗലൊസ് പറയുകയുണ്ടായി: "ഞാനോ ഇപ്പോൾ തന്നെ പാനിയയാഗമായി ഒഴിക്കപ്പെടുന്നു. എന്റെ നിര്യാണകാലവും

അടുത്തിരിക്കുന്നു" (2 തിമൊഥെയൊസ് 4:6).

**ചോദ്യത്തിന്റെ ഗൗരവം**

ഈ പശ്ചാത്തലവിവരങ്ങൾ വെച്ചുകൊണ്ട്, യാഗമായി തീർന്നവരുടെ ചോദ്യത്തിന് ഉത്തരം പറയുവാൻ നാം തയ്യാറാകണം. ആ രംഗത്തിലെ കേന്ദ്രീയ സ്ഥാനമായിരുന്നു അവരുടെ ചോദ്യം: "വിശുദ്ധനും സത്യവാനുമായ നാഥാ, 'ഭൂമിയിൽ വസിക്കുന്നവരോട് ഞങ്ങളുടെ രക്തത്തെ കുറിച്ച് നീ എത്രത്തോളം ന്യായവിധിയും പ്രതികാരവും നടത്താതിരിക്കും എന്ന് അവർ ഉറക്കെ നിലവിളിച്ചു?' " (വാ. 10).

ചോദ്യത്തിൽ പരാതി അടങ്ങിയിരുന്നു, എന്നാൽ അതിൽ അനാദരവ് ഒട്ടുമില്ലായിരുന്നു. "കർത്താവ്" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നതിൽനിന്നാണ് നമുക്ക് "ഡെസ്പോട്ട്" എന്ന വാക്ക് കിട്ടിയത്, പൂർണ്ണശക്തിയുള്ള ഒരു ഭരണകർത്താവ് എന്നർത്ഥം.[16] ഒരു അടിമയുടെ ജീവിതത്തെ പൂർണ്ണമായി നിയന്ത്രിക്കുവാൻ അധികാരമുള്ളതായിട്ടാണ് അത് സൂചിപ്പിച്ചിരിക്കുന്നത്. ഉപദ്രവിക്കുന്നവരുടെ ഉപദ്രവം എന്നേക്കും സഹിക്കുവാൻ പറ്റാത്ത താണ് ദൈവത്തിന്റെ "വിശുദ്ധി" ദൈവം തന്റെ വാഗ്ദാനം നിവർത്തിക്കുമെന്നതിന്റെ തെളിവാണ് അവൻ "സത്യവാൻ" എന്നത്. ആ വിശ്വാസികളെ സംബന്ധിച്ച്, ദൈവം പ്രതികാരം *ചെയ്യുമോ* എന്നതായിരുന്നില്ല, പിന്നെയോ *എപ്പോൾ* എന്നതായിരുന്നു ചോദ്യം.

*പരിഭ്രമിപ്പിക്കുന്ന ഒരു ചോദ്യം.* പ്രതികാരം എന്നതാണ് ആധുനിക വായനക്കാരെ ആകുലപ്പെടുത്തുന്നത്. ക്രിസ്തീയ രേഖയിൽ[17] പ്രതികാരത്തിന് സ്ഥാനമില്ല എന്നാണ് ചിലരുടെ ധാരണ. "എങ്ങനെയായാലും," നമ്മുടെ ഒരു ചെകിട്ടിൽ അടിച്ചാൽ മറ്റേത് കാണിച്ചുകൊടുക്കുവാനല്ലേ യേശു പഠിപ്പിച്ചത്? എന്നാണ് അവർ പറയുന്നത്.[18] "യേശുവിനെ ക്രൂശിൽ തറെച്ച തന്റെ ശത്രുക്കൾക്കു വേണ്ടിയും യേശു പ്രാർത്ഥിച്ചില്ലേ?"[19]

അത് നിസാരകാര്യമല്ല, എന്നാൽ ഇത് ഞാൻ നിങ്ങളോട് പങ്കിടട്ടെ:

(1) ക്രിസ്ത്യാനികളുടെ ജീവിതത്തിൽ പ്രശ്നങ്ങളും പരീക്ഷണങ്ങളും വരുമ്പോൾ ഹൃദയത്തെ-ഉലക്കുന്ന ചില ചോദ്യങ്ങളുണ്ടാകുമെന്ന് സമ്മതിക്കുന്നതാണ് ആ വേദഭാഗം. ചോദ്യകർത്താവിന് കർത്താവിനോടുള്ള വിശ്വാസം നഷ്ടമാകാത്തിടത്തോളം, ചോദ്യത്തിൽ അപാകതയില്ല എന്നു പറയാം.

(2) ആ ആത്മാക്കൾ പ്രതികാരം *ദൈവത്തിൽ* ഏൽപിച്ചു എന്നതാണ് പ്രധാനപ്പെട്ട കാര്യം. വ്യക്തിപരമായി പ്രതികാരം ചെയ്യുന്നതിനെതിരെയാണ് പുതിയ നിയമം പഠിപ്പിക്കുന്നത്, എന്നാൽ അഭക്തനെ ദൈവം ഒരു നാൾ ശിക്ഷിക്കുമെന്ന് അവൻ ഉറപ്പ് നൽകിയിട്ടുണ്ട്. ഉദാഹരണത്തിന്, പൗലൊസ്, റോമർ 12:17–21. പൗലൊസ് തന്റെ വായനക്കാരെ പ്രബോധിപ്പിക്കുന്നു:

> ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ, സകല മനുഷ്യരുടേയും മുൻപിൽ യോഗ്യമായത് മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം, സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ, പ്രിയമുള്ളവരേ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ, ദൈവകോപത്തിന് ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം ചെയ്യും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു ... എന്നാൽ "നിന്റെ ശത്രുവിന്ന് വിശക്കുന്നുവെങ്കിൽ അവന്നു തിന്മാൻ കൊടുക്ക. ദാഹിക്കുന്നു എങ്കിൽ ... കുടിപ്പാൻ

കൊടുക്ക. അങ്ങനെ ചെയ്താൽ അവന്റെ മേൽ തിക്കനൽ കുന്നിക്കും."

പ്രതിക്രിയ-നടത്താതിരുന്ന പെരുമാറ്റ മദ്ധ്യത്തിൽ, എങ്ങനെയായാലും, ദൈവം ഒരുദിവസം പ്രതികാരം ചെയ്യുമെന്ന് പൗലൊസ് ഊന്നി പറഞ്ഞിരിക്കുന്നു. "നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ, *ദൈവകോപത്തിന്ന്* ഇടം കൊടുപ്പിൻ." "*പ്രതികാരം എനിക്കുള്ളത്*, ഞാൻ പകരം ചെയ്യും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" (റോമർ 12:19; എംഫസിസ് മൈൻ).

വ്യക്തിപരമോ, രഹസ്യമോ ആയ യാതൊരു പ്രതികാരവും ക്രിസ്ത്യാനികൾക്ക് പാടില്ല. എതിരാളികളോട് പ്രതികാരം ചെയ്യുന്ന മനോഭാവം, സ്വാഭാവികകാരണത്താൽ ആളുകൾ പ്രകടിപ്പിക്കുന്നത് സ്വീകാര്യമായി കാണുന്നുണ്ട്.[20] പണ്ടു പറഞ്ഞിട്ടുള്ളത് "പ്രതികാരം മധുരമാണ്!" എന്നാണ്. ഇന്ന് ചിലർ പ്രതിപാദിക്കുന്നത് ഇങ്ങനെയാണ്: "എനിക്ക് വട്ട് പിടിക്കാറില്ല; ഞാൻ അതിനെ വിട്ടുകളയുന്നു." പ്രതികാരം എന്ന വിഷയത്തെ കുറിച്ച് ധാരാളം പുസ്തകങ്ങളും സിനിമകളും ഇറങ്ങിയിട്ടുണ്ട്; കുഴപ്പങ്ങളെ അടിച്ചു തകർത്ത് മുന്നേറുന്ന "നായകനെ" എല്ലാവരും പുകഴ്ത്തും. യേശുവിന്റെ ശിഷ്യന്മാരായ നാം ആ അപകടത്തിൽ കുടുങ്ങിപ്പോകരുത്. ബൈബിൾ ഇപ്പോഴും പറയുന്നു, "ആരും തിന്മെക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ" (1 തെസലൊനിക്യർ 5:15). പ്രതികാരം നമ്മെ അക്രൈസ്തവ ചിന്തയിലേക്കും വികാരത്തിലേക്കും നയിക്കും. ഒരേ സമയത്ത് നമ്മുടെ ഹൃദയത്തിൽ സ്നേഹവും കൈപ്പും നിറഞ്ഞിരിക്കുക സാധ്യമല്ല.

നേരെ മറിച്ച്, തിന്മയെ ശിക്ഷിക്കുമെന്നാണ് പുതിയനിയമം പഠിപ്പിക്കുന്നത് - തിന്മ ശിക്ഷിക്കപ്പെടുന്ന ഒരു ദിവസം *ഉണ്ട്* എന്ന് ഉറപ്പ് നൽകുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട്, നമുക്ക് മുൻപറഞ്ഞ വേദഭാഗങ്ങളുണ്ട്: "അവൻ സ്വദാസന്മാരുടെ രക്തത്തിന് പ്രതികാരം ചെയ്യും ... തന്റെ ശത്രുക്കളോട് അവൻ പകരം വീട്ടും" (ആവർത്തനപുസ്തകം 32:43); "ദൈവമോ രാപ്പകൽ തന്നോട് നിലവിളിക്കുന്ന തന്റെ വ്രതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയ നടത്തി രക്ഷിക്കയില്ലയോ ... ?" (ലൂക്കൊസ് 18:7). " 'പ്രതികാരം എനിക്കുള്ളത്, ഞാൻ പകരം വീട്ടും' എന്ന് കർത്താവ് അരുളിച്ചെയ്യുന്നു" (റോമർ 12:19).

വെളിപ്പാട് 6:10 ലെ ഭാഷ ചിലരെ രക്തദാഹികളായി മുദ്രകുത്തുമെങ്കിലും, തെറ്റിനെ ശിക്ഷിക്കാതിരിക്കുകയില്ല എന്നാണ് മിക്കപേരും വിശ്വസിക്കുന്നത്. സാത്താനും അവന്റെ ദുഷ്ടശക്തിയും അവസാനം ശിക്ഷിക്കപ്പെടുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ തലയാട്ടുക.[21] നിങ്ങളെ എനിക്ക് കാണുവാൻ കഴിയുകയില്ല, എങ്കിലും നിങ്ങൾ ഭൂരിഭാഗം പേരും തലയാട്ടുമെന്ന് എനിക്ക് അറിയാം. നീതിക്ക് പ്രതിഫലവും, ദുഷ്ടതക്ക് ശിക്ഷയും കൊടുക്കുന്നതാണ് ശരി, അതിന് വിപരീതമെന്ന് കരുതുന്നത് തെറ്റുമാണ്.[22]

എങ്ങനെയായാലും, ഞാൻ ഊന്നി പറയട്ടെ, നിങ്ങളും ഞാനും "ദൈവത്തിന്റെ പകരം വീട്ടൽ"[23] എടുക്കരുത്. പൗലൊസിന്റെ കൽപന മറക്കരുത്: "നിങ്ങൾ തന്നേ പ്രതികാരം ചെയ്യാതെ, ദൈവകോപത്തിന് ഇടം കൊടുപ്പിൻ" (റോമർ 12:19).[24] അതായിരുന്നു "യാഗപീഠത്തിൻ കീഴിലായിരുന്ന" വിശുദ്ധന്മാർ ചെയ്തത്.

(3) "കർത്താവേ എത്രത്തോളം?" എന്ന് നിലവിളിച്ചവർ തങ്ങളുടെ

വ്യക്തിപരമായ നിരപരാധിത്വം തെളിയിക്കേണ്ടതിനായിരുന്നില്ല, മറിച്ച് ദൈവ നാമത്തിനായി നിരപരാധിത്വം തെളിയിക്കേണ്ടതിനായിരുന്നു എന്നാണ് ചില വ്യാഖ്യാതാക്കൾ പറയുന്നത് – അത് ശരിയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവം അവരെ ശിക്ഷിച്ചാൽ അവർക്ക് വ്യക്തിപരമായി ഒന്നും നേടുവാനി ല്ല; അവർക്ക് അവരുടെ നിത്യാവകാശം ലഭിച്ചുകഴിഞ്ഞിരുന്നു. *ദൈവത്തിന്റെ* ബഹുമതിയെ കുറിച്ചായിരുന്നു അവർ വിചാരപ്പെട്ടത്. ദൈവം അതിന് ഒന്നും ചെയ്യാതിരുന്നാൽ, റോമാക്കാർ ആരാധിച്ചിരുന്ന ദേവന്മാരേക്കാൾ, കർത്താവ് ബലഹീനനും ഫലമില്ലാത്തവനുമാണെന്ന് അവരുടെ ശത്രുക്കൾക്ക് തോന്നും.

ആ വിചാരം പലപ്പോഴും തിരുവെഴുത്തിൽ പറഞ്ഞിട്ടുണ്ട്. ഉദാഹരണ മായി, സങ്കീർത്തനങ്ങൾ 79 വായിക്കുക. സങ്കീർത്തനക്കാരൻ പ്രാർത്ഥിച്ചു, "ഞങ്ങളുടെ രക്ഷയായ ദൈവമേ, നിന്റെ നാമമഹത്വത്തിനായി ഞങ്ങളെ സഹായിക്കേണമേ; നിന്റെ നാമം നിമിത്തം ഞങ്ങളെ വിടുവിച്ചു ഞങ്ങളുടെ പാ പങ്ങളെ പരിഹരിക്കേണമേ" (വാ. 9). "നിന്റെ നാമമഹത്വത്തിനായി" എന്നതും "നിന്റെ നാമം നിമിത്തവും" എന്നതും അടിവരയിടുക; ആളുകൾ എങ്ങനെ യഹോവയെ കണ്ടിരുന്നു എന്ന് തെളിയിക്കുന്നതായിരുന്നു അവരുടെ വിചാ രം. "അവരുടെ ദൈവം എവിടെ എന്ന് ജാതികൾ പറയുന്നത് എന്തിന്?" എന്ന് സങ്കീർത്തനക്കാരൻ തുടർന്ന് പറയുന്നു (വാ. 10). "അവൻ വാസ്തവത്തിൽ ദൈവം ആയിരുന്നെങ്കിൽ എന്തെങ്കിലും ചെയ്യാത്തതെന്ത്?" എന്ന് ജാതികൾ എതിർത്തുകൊണ്ട് ചോദിക്കും. അക്കാരണത്താൽ, "തന്റെ ദാസന്മാരുടെ രക്തം ചിന്തിയവരോട് പ്രതികാരം ചെയ്യേണ്ടതിന്ന് യാചിച്ചു" (വാ. 10) ഇ ങ്ങനെ: "കർത്താവേ, ഞങ്ങളുടെ അയൽക്കാർ [അതായത്, അവർക്ക് ചുറ്റു മുള്ള അവരുടെ ശത്രു രാജ്യങ്ങൾ] നിന്നെ നിന്ദിച്ച നിന്ദയെ ഏഴിരട്ടിയായി അവരുടെ മാർവ്വിടത്തിലേക്ക് പകരം കൊടുക്കേണമേ" (വാ. 12). "ഞങ്ങളെ നിന്ദിച്ച നിന്ദ" എന്നല്ല അവൻ പറഞ്ഞത്, പിന്നെയോ, "കർത്താവേ, *നിന്നെ* നിന്ദിച്ച നിന്ദ" എന്നാണ് പറഞ്ഞത് (എംഫസിസ് മൈൻ).

ആ ഘടകങ്ങൾ ഓരോന്നായി പരിശോധിക്കുമ്പോൾ, മൈക്കിൽ വിൽക്കോക്ക് പറഞ്ഞു, അവരുടെ തുറന്ന നിലവിളി "ക്ഷമിക്കാവുന്നതും ശരിയുമാണെന്ന്"[25] തെളിയുന്നതുമാണ്.


*ഇടവിടാതെയുള്ള ഒരു ചോദ്യം*. യോഹന്നാന്റെ കാലത്തെ ആ പ്രകാശബി ന്ദുവിൽനിന്ന് നമുക്ക് പൊതുവിൽ ദൈവജനത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരി ക്കാം. ഒന്നാം നൂറ്റാണ്ടിന്റെ അവസാനം പ്രതിധ്വനിക്കപ്പെട്ട ശബ്ദം ക്രമേണ കർത്താവിനെ അനുഗമിക്കുവാൻ ശ്രമിച്ചവരിലേക്കും മുഴങ്ങി കേൾക്കുവാൻ തുടങ്ങി.[26] ദാവീദ് ചോദിച്ചു, "കർത്താവേ, എത്രത്തോളം നീ എന്നെ മറന്നു കൊണ്ടിരിക്കും? നീ എത്രത്തോളം നിന്റെ മുഖത്തെ ഞാൻ കാണാതവണ്ണം മറെക്കും? എത്രത്തോളം ഞാൻ എന്റെ ഉള്ളിൽ വിചാരം പിടിച്ചു എന്റെ ഹൃദ യത്തിൽ ദിവസംപ്രതി ദുഃഖം അനുഭവിക്കേണ്ടിവരും? എത്രത്തോളം എന്റെ ശത്രു എന്റെ മേൽ ഉയർന്നിരിക്കും?" (സങ്കീർത്തനങ്ങൾ 13:1, 2).

ഹബക്കൂക്കും ഇതേ ചോദ്യം ചോദിച്ചിട്ടുണ്ട്: "യഹോവേ, എത്രത്തോളം ഞാൻ അയ്യം വിളിക്കയും നീ കേൾക്കാതിരിക്കയും ചെയ്യും? സാഹസം നി മിത്തം ഞാൻ എത്രത്തോളം നിന്നോട് നിലവിളിക്കയും നീ രക്ഷിക്കാതെയും ഇരിക്കും?" (ഹബക്കൂക്ക് 1:2). "എത്രത്തോളം?" എന്ന ചോദ്യത്തോടുകൂടി "എന്തിന്?" എന്നും യിരെമ്യാവ് ചോദിച്ചു. "ദുഷ്ടന്മാരുടെ വഴി ശുഭമായിരി പ്പാൻ സംഗതി എന്ത്? ദ്രോഹം പ്രവർത്തിക്കുന്നവരൊക്കെയും നിർഭയമായി

വസിക്കുന്നതെന്ത്? ... ദേശം ദുഃഖിക്കുന്നതും നിലത്തിലെ സസ്യം ഒക്കെയും വാടുന്നതും *എത്രത്തോളം?*" (യിരെമ്യാവ് 12:1–4; എംഫസിസ് മൈൻ).

വിശ്വാസികളെ കുഴപ്പിച്ചിട്ടുള്ള ചോദ്യങ്ങളാണ് ഇവ. ദൈവം നീതിമാന്മാരുടെ നിരപരാധിത്വം തെളിയിക്കുകയും ദുഷ്ടന്മാരെ ശിക്ഷിക്കുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്, എന്നാൽ അത് വല്ലപ്പോഴുമെ കാണുന്നുള്ളു എന്നതിനാൽ നാം അക്ഷമരായിത്തീരുന്നു. നാം നമ്മെ നോക്കുമ്പോൾ, ഭക്തർ പലപ്പോഴും ഞെരുക്കത്തിലാകുകയും അഭക്തർ സമൃദ്ധി പ്രാപിക്കയും ചെയ്യുന്നു.

**ഈ ലോകത്തിൽ**




എല്ലാം ദൈവം നന്മക്കായി പ്രവർത്തിക്കുമെന്ന്, നമ്മുടെ ഉള്ളിൽ, നമുക്ക് വിശ്വാസമുണ്ട്, പക്ഷെ അവൻ അത് *എപ്പോഴാണ്* ചെയ്യുക? ദൈവത്തിന്റെ സമയവിവരപ്പട്ടികയെ കുറിച്ച് വർഷങ്ങളോളം മറ്റുള്ളവർക്ക് വിഷമമുണ്ടായതുപോലെ നമുക്കുമുണ്ട്.[27] അതുകൊണ്ടാണ് നിങ്ങളും ഞാനും ചോദ്യങ്ങൾ ചോദിക്കുന്നത്.

*വ്യക്തിപരമായ ഒരു ചോദ്യം.* നമുക്ക് ഇപ്പോഴും ചോദ്യങ്ങളുണ്ട്. ചിലപ്പോൾ, വെളിപ്പാട് 6:10–ൽ ചോദിച്ചതുപോലെയുള്ള ചോദ്യങ്ങളാണ് നമുക്ക് ഉള്ളത്. എല്ലാം നഷ്ടമാകുന്നു എന്ന് തോന്നുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത്.[28] നാം തലയാട്ടി പറയും "ലോകത്തിൽ എന്തെല്ലാമാണ് നടക്കുന്നത്?" "കർത്താവ് എത്രത്തോളം ഇതെല്ലാം അനുവദിക്കും?" "ഈ കുഴപ്പങ്ങളെല്ലാം പരിഹരിച്ച് നേരെയാക്കുവാൻ ഇനി എത്ര താമസം കർത്താവേ?"

ചിലപ്പോൾ നമ്മുടെ ചോദ്യങ്ങൾ അധികവും വ്യക്തിപരമായിരിക്കും: "കർത്താവേ, *എന്റെ* ജീവിതത്തിലെ കുഴപ്പങ്ങൾ എപ്പോഴാണ് ശരിയാക്കുക?" ഒരുപക്ഷെ യോഹന്നാന്റെ സമയത്തെ ക്രിസ്ത്യാനികളെ പോലെ, നിങ്ങളുടെ, വീട്ടിലുള്ളവരാൽ, അല്ലെങ്കിൽ സ്നേഹിതരാൽ, അല്ലെങ്കിൽ അയൽക്കാരാൽ ഉപദ്രവിക്കപ്പെട്ടു എന്നു വിചാരിക്കുക. അതിനോട് നിങ്ങൾ ഒരുപക്ഷെ നീതിപൂർവ്വമായി തന്നെ പ്രതികരിച്ചിരിക്കാം. ഒരുപക്ഷെ നിങ്ങൾ സത്യസന്ധമായി നിങ്ങളുടെ ജോലി എല്ലാം ചെയ്തു വരികയാവാം, പക്ഷെ ജോലിക്കയറ്റം കിട്ടുന്നത് മടിയനും ബോസിന് സ്തുതി പാടുന്നവനുമായ ഒരു വ്യക്തിക്കായിരിക്കും.

ഒരുപക്ഷെ യിരെമ്യാ പ്രവാചകനെ പോലെ നിങ്ങളും ചോദ്യത്തോട് എന്തിന്? എന്നതു ചേർക്കുന്നുണ്ടാകും. "കർത്താവേ, എനിക്ക് എന്താണ് ഇത്രയധികം പ്രശ്നങ്ങൾ?" "കർത്താവേ, എന്റെ പങ്കാളി അല്ലെങ്കിൽ [എന്റെ

കുട്ടി] മരിച്ച*തെന്ത്?*" "കർത്താവേ, ഞാൻ എന്റെ കുട്ടികളെ നേരായി വളർത്തുവാനാണ് ശ്രമിച്ചത്! പിന്നെ അവ*രെന്തുകൊണ്ട്* തെറ്റിപ്പോയി?" "കർത്താവേ എനിക്ക് കൊടുത്തു തീർക്കേണ്ടതെല്ലാം കൊടുത്തു തീർപ്പാൻ കഴിയാത്ത*തെന്ത്?*" "കർത്താവേ, എനിക്ക് *എന്തുകൊണ്ടാണ്* അർബ്ബുദബാധ[അല്ലെങ്കിൽ അപസ്മാരം, അല്ലെങ്കിൽ ഹൃദയാഘാതം ഉണ്ടായത്]?"

വാക്യം 9 ലേയും 10 ലേയും രംഗം ഒന്നുകൂടെ സമയം എടുത്ത് നോക്കുക. എന്തു വാക്കുകളാണ് മനസിലേക്ക് വരുന്നത്? "അക്ഷമ?" "തെറ്റിദ്ധരിച്ചു"? "നിരുൽസാഹപ്പെട്ടു"? "പരിഭ്രമിക്കപ്പെട്ടു"? ദൈവജനത്തെ ഞെരുക്കിക്കൊണ്ടാണിരുന്നത്, ദൈവം എന്താണ് – ഉടനെ ഒന്നും ചെയ്യാതിരിക്കുന്നതെന്ന് അവർക്ക് മനസിലായില്ല! അതുമായുള്ള ബന്ധത്തിൽ അവരെത്രമാത്രം ചിന്താക്കുഴപ്പത്തിലായിരുന്നേക്കാമെന്നു ചിന്തിക്കുക.

### ദൈവത്തിന് ഉത്തരമുണ്ട് (6:11)

ഈ പാഠത്തിന്റെ തലവാചകത്തിൽ പറഞ്ഞതുപോലെ, "നിങ്ങൾക്ക് ചോദ്യങ്ങൾ ഉണ്ടെങ്കിൽ," "*ദൈവത്തിന്* ഉത്തരങ്ങളുണ്ട്." ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നവർക്കും നമുക്കും ഉള്ള – ഉത്തരങ്ങൾ നോക്കുവാൻ സമയമായി.

#### അന്നത്തെ ദൈവത്തിന്റെ ഉത്തരം

വാക്യം 11 നാം വായിക്കുമ്പോൾ, നമുക്ക് നിരാശ തോന്നിയേക്കാം – കാരണം, ആദ്യം വിശുദ്ധന്മാരുടെ നിലവിളി അവഗണിച്ചുവെന്ന് തോന്നിപ്പോകും. "കർത്താവേ, എത്രത്തോളം?" എന്ന ചോദ്യം വായുവിൽ ഉത്തരം നൽകാതെ നിൽക്കുന്നു എന്ന് തോന്നി:

> അപ്പോൾ അവരിൽ ഓരോരുത്തന്നും വെള്ളനിലയങ്കി കൊടുത്തു അവരെപോലെ കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നുതികയുവോളം,[29] അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം എന്ന് അവർക്ക് അരുളപ്പാടുണ്ടായി (വാ. 11).

എങ്ങനെയായാലും, കൂടുതൽ പഠിക്കുമ്പോൾ, ആ വാക്യത്തിൽ ഉത്തരം നൽകിയിരിക്കുന്നത് കാണാം. ഏർപ്പാടിൽ, പ്രവൃത്തിയിൽ, പ്രബോധനത്തിൽ, മൂന്നു ഭാഗങ്ങളുള്ള ഒരു ഉത്തരം കാണാം. "ശരിയായത് ചെയ്യുവാൻ നിങ്ങൾ എന്നിൽ *ആശ്രയിക്കണം*" എന്നതായിരുന്നു അടിസ്ഥാനപരമായ ഉത്തരം. ആ മൂന്നു ഭാഗങ്ങൾ ഇവയാണ്:

(1) "*എന്നിൽ വിശ്വസിക്കുക: നിങ്ങൾക്ക് മനസിലാകുകയില്ല.*" രക്തസാക്ഷികൾക്ക് വെള്ളയുടുപ്പ് കൊടുത്ത് "വിശ്രമിക്കുവാൻ" ആവശ്യപ്പെട്ടതുകൊണ്ട്, ദൈവം അവരെ അവഗണിക്കുകയോ അവരുടെ ചോദ്യത്തെ അവഗണിക്കുകയോ അല്ല ചെയ്തത്. പിന്നെ, അവൻ, എന്തുകൊണ്ടാണ് മറുപടി നൽകാതിരുന്നത്? ഒരുപക്ഷെ അവർക്ക് മനസിലാക്കുവാൻ കഴിയാതിരുന്നതുകൊണ്ടാകാം. മറ്റൊരു സമയത്ത് ചോദിച്ച ചോദ്യം "എത്രത്തോളം?" എന്നത് തിരുവെഴുത്തിൽനിന്നു പരിശോധിക്കുക. മിക്ക സമയങ്ങളിലും ആ ചോദ്യത്തിന് ഉത്തരം നൽകുവാൻ തയ്യാറായിരുന്നില്ല.[30] ദൈവത്തിന്റെ പദ്ധതികളും ഉദ്ദേശങ്ങളും മനസിലാക്കുവാൻ മനുഷ്യർക്ക് കഴിയുന്നില്ല (യെശയ്യാവ് 55:8, 9).[31]

ജെ. ഡബ്ലിയു. റോബെർട്ട്സ് പറഞ്ഞു, "ചോദ്യകർത്താക്കളേക്കാൾ വിശാലമാണ് ദൈവത്തിന്റെ വിചാരം" –[32] അത് സംശയാതീതമായ സത്യമാണ്. രക്തസാക്ഷികൾക്ക് വർത്തമാനകാല കാഴ്ച്ചപ്പാടേ ഉണ്ടായിരുന്നുള്ളു, എന്നാൽ ദൈവത്തിന് സുദീർഘകാഴ്ച്ചപ്പാടാണ് ഉണ്ടായിരുന്നത്.

(2) "*എന്നെ വിശ്വസിക്കുക: ഞാൻ നിങ്ങളെ കുറിച്ച് കരുതുന്നവനാണ്.*" ദൈവം ആ ചോദ്യത്തിന് വാമൊഴിയായി നേരിട്ട് ഉത്തരം നൽകിയില്ലെങ്കിലും, ദൈവം വിചാരപ്പെടുന്നില്ല എന്നർത്ഥമാകുന്നില്ല. റോമർ 8 ലെ പൗലൊസിന്റെ വാക്കുകൾ യോജിക്കുന്നു:

> ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നു നമ്മെ വേർപിക്കുന്നതാർ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? "നിന്റെ നിമിത്തം ഞങ്ങളെ ഇടവിടാതെ കൊല്ലുന്നു, അറുപ്പാനുള്ള ആടുകളെപോലെ ഞങ്ങളെ എണ്ണുന്നു" എന്ന് എഴുതിയിരിക്കുന്നു. നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു. മരണത്തിന്നോ, ജീവന്നോ, ദൂതന്മാർക്കോ, വാഴ്ച്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിന്നോ, വരുവാനുള്ളതിന്നോ, ഉയരത്തിന്നോ ആഴത്തിന്നോ, മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർതിരിപ്പാൻ കഴിയുകയില്ല എന്ന് ഞാൻ ഉറെച്ചിരിക്കുന്നു (റോമർ 8:35–39).

ഉപദ്രവവും പരീക്ഷണങ്ങളും ദൈവസ്നേഹത്തെ എടുത്തുകളയുന്നില്ല.

പരിഗണിക്കേണ്ട വേദഭാഗത്തിൽ, വിശുദ്ധന്മാർക്ക് വെള്ളയുടുപ്പ് നൽകിയാണ് ദൈവം സ്നേഹം പ്രകടിപ്പിച്ചത്. ദൈവത്തിന്റെ അംഗീകാരത്തെ കാണിക്കേണ്ടതിന് വെളിപ്പാട് പുസ്തകത്തിൽ[33] അടിക്കടി വെള്ളയുടുപ്പിനെ കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അവ *വാഗ്ദാന ഉടുപ്പുകളാണ്*. ഏഴു സഭകൾക്കുള്ള എഴുത്തുകളിൽ, "ജയിക്കുന്നവർക്ക് വെള്ളയുടുപ്പ്" വാഗ്ദാനം ചെയ്തിട്ടുണ്ട് (3:5). അവ വിജയ ഉടുപ്പുകളാണ്. വെള്ള വിജയത്തിന്റെ നിറമാണ്.[34] ഭൂ-വാസികൾക്ക് അത് എങ്ങനെ തോന്നിയാലും ശരി, ക്രിസ്ത്യാനിത്വം വിജയിക്കുകയായിരുന്നു; വിശ്വാസത്തിനുവേണ്ടി മരിച്ചവർ വ്യക്തിപരമായി വിജയിച്ചിരുന്നു. അവ ആദരവിന്റെ ഉടുപ്പുകളായിരുന്നു. വെള്ളയുടുപ്പിനെ "സ്വർഗീയ സിംഹാസനമുറിയിലെ 'കോടതി ഉടുപ്പ്'" എന്ന് ജോൺ ബോമാൻ വിശേഷിപ്പിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു, "രാജാവിന്ന് യോഗ്യമായ വസ്ത്രം ശ്രേഷ്ഠമായ പ്രതലത്തെയാണ് കാണിക്കുന്നത്."[35] അടുത്ത അദ്ധ്യായത്തിൽ, "എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം ... വെള്ളനിലയങ്കി ധരിച്ച് സിംഹാസനത്തിനും കുഞ്ഞാടിനും മുൻപിൽ നില്ക്കുന്നതു കണ്ടു" എന്ന് യോഹന്നാൻ പറയുന്നു (7:9).

അങ്ങനെ, വിശുദ്ധന്മാർക്ക് വെള്ളയുടുപ്പ് കൊടുത്തുകൊണ്ട് ദൈവം പറയുന്നു, "ഞാൻ നിങ്ങളെ മറന്നിട്ടില്ല. നിങ്ങൾ സഹിക്കേണ്ടത് ഞാൻ അറിയുന്നു, നിങ്ങളെ കുറിച്ച് അഭിമാനിക്കയും ചെയ്യുന്നു. എന്റെ സ്നേഹത്തിന്റെയും നിത്യസന്തോഷം നിങ്ങൾക്ക് ലഭിക്കുമെന്നതിന്റേയും തെളിവാണ് ഞാൻ തരുന്ന വെള്ളയുടുപ്പ്!"

(3) "*എന്നെ വിശ്വസിക്കുക: അതെല്ലാം ശരിയാകും.*" ദൈവം വിശുദ്ധ

ന്മാർക്ക് വേണ്ടി ചിലത് ചെയ്യുക മാത്രമല്ല, ചിലത് പറയുക കൂടെ ചെയ്തു: "അല്പം കൂടെ[36] വിശ്രമിക്കുക എന്ന് ദൈവം അവരോട് പറഞ്ഞു." (വാ. 11). "വിശ്രമം" എന്നതിനുള്ള വാക്ക് തർജിമ ചെയ്തിരിക്കുന്നതിന് "ക്ഷമയോടെ" "കാത്തിരിക്കുക" എന്നും അർത്ഥമുണ്ട്. "അല്പം കൂടെ കാത്തിരിക്കുവാൻ അവരോട് പറഞ്ഞു" എന്നാണ് ഗുഡ്സ്പീഡ് തർജിമ പറയുന്നത്.[37] പിന്നീട് വെളിപ്പാടിൽ, ആ വാക്ക് സൂചിപ്പിക്കുന്നത്, "ശാന്തവും സ്വസ്ഥവുമായ അവസ്ഥ" ആയിട്ടാണ്: "ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ, 'അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു *വിശ്രമിക്കേണ്ടതാകുന്നു*.' " (14:13; എംഫസിസ് മൈൻ). 6:11 ലെ "വിശ്രമം" എന്നതിന്റെ അർത്ഥം തന്നെയായിരിക്കണം 14:13 ലേതും.

"കൊല്ലപ്പെടുവാനിരിക്കുന്ന സഹഭൃത്യന്മാരും സഹോദരന്മാരും വന്നു തികയുവോളം, അല്പകാലം കൂടെ സ്വസ്ഥമായി പാർക്കേണം" എന്നാണ് ആ രക്തസാക്ഷികളോട് പറഞ്ഞത് (വാ. 11). ദൈവത്തിന്റെ കയ്യിലിരിക്കുന്ന കണക്കുപുസ്തകത്തിൽ[38] കൊല്ലപ്പെടുവാനിരിക്കുന്നവരുടെ സംഖ്യയുണ്ട് എന്ന പ്രതീതിയാണ് അത് ഉളവാക്കുന്നത്. നിങ്ങളുടെ കയ്യിൽ എൻഎഎസ്ബി തർജിമയുണ്ടെങ്കിൽ, "എണ്ണം" എന്ന വാക്ക് ചരിച്ചെഴുതിയിരിക്കുന്നത് സൂചിപ്പിക്കുന്നത് തർജിമക്കാരൻ ചേർത്തതാണെന്നാണ്. മൂലഗ്രന്ഥത്തിൽ, "അവർ കൊല്ലപ്പെട്ടതുപോലെ, അവരുടെ സഹഭൃത്യന്മാരും സഹോദരന്മാരും ... കൊല്ലപ്പെട്ടു തികയേണം [അല്ലെങ്കിൽ നിവർത്തിയാകേണം.]" എൻസിവിയിൽ ഈ ആശയമാണ് ഉള്ളത്: "ക്രിസ്തുവിന്റെ സേവനത്തിലായിരിക്കുന്ന അവരുടെ സഹപ്രവർത്തകരും സഹോദരന്മാരും തങ്ങൾ കൊല്ലപ്പെട്ടതുപോലെ കൊല്ലപ്പെടുവാനിരിക്കുന്നു. അത് പൂർത്തിയാകുന്നതുവരെ അവർ കാത്തിരിക്കേണ്ടിയിരുന്നു." വാക്യം 11 ന്റെ അവസാനഭാഗത്തെ കുറിച്ച്, ലെയോൺ മോറിസ് പറഞ്ഞു,

> രക്തസാക്ഷികളായി ദൈവത്തിന് ഒരു പ്രത്യേക സംഖ്യ തികയണം അതുവരെ അവൻ കാത്തിരിക്കും എന്ന് അതിനർത്ഥമില്ല. [മറിച്ച്, അതിന്റെ അർത്ഥമെന്തെന്നാൽ] അവൻ തന്റെ പദ്ധതിപ്രകാരം പ്രവർത്തിച്ചുകൊണ്ടിരിക്കും, ആ പദ്ധതിയിൽ രക്തസാക്ഷികൾക്ക് സ്ഥാനമുണ്ടായിരിക്കും. ആ പദ്ധതി ധൃതികൂട്ടുകയോ, താമസിക്കുകയോ ഇല്ല.[39]

ദൈവപദ്ധതിക്ക് കൂടുതൽ സമയംഎടുക്കുകയും, കൂടുതൽ ക്രിസ്ത്യാനികളെ കൊല്ലുവാൻ അനുവദിക്കയും ചെയ്യുന്നതിനെ എങ്ങനെ ന്യായീകരിക്കാം?[40] രണ്ട് പത്രൊസ് 3 ഒരു സൂചന നൽകുന്നുണ്ട്. കർത്താവ് വരുവാൻ താമസിക്കുന്നതിനെ സംശയിക്കുന്ന ആളുകൾ പത്രൊസിന്റെ കാലത്തുണ്ടായിരുന്നു (2 പത്രൊസ് 3:3, 4). നാം കാണുന്നതുപോലെയല്ല ദൈവം കാണുന്നതെന്ന് ഊന്നി പറഞ്ഞശേഷം (വാ. 8) യേശുവിന്റെ മടങ്ങി വരൽ നീണ്ടുപോകുന്നതിന്റെ കാരണം പത്രൊസ് വിശദമാക്കി: "ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം [മടങ്ങി വരുവാൻ] നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു" (വാ. 9). "താമസിക്കുന്ന ഓരോ നിമിഷവും സുവിശേഷപ്രവർത്തനത്തിനുള്ള ദാനമാണ്."[41] ഉപദ്രവകാരികളെ ദൈവം ഉടനെ ശിക്ഷിക്കാതിരിക്കുന്നതിനു

ള്ള ഒരു കാരണം അവർ മാനസാന്തരപ്പെടേണ്ടതിനാണ്. (അത് അസാധാര ണമായി തോന്നിയേക്കാം, പക്ഷെ ഭാവി പഠനങ്ങൾ അത് വാസ്തവമാണെന്ന് തെളിയിക്കുന്നതാണ്.)

കുഴപ്പത്തിലായിരുന്ന വിശുദ്ധന്മാർക്ക് ദൈവം നൽകിയ ഉത്തരത്തിന്റെ മൂന്നാം ഭാഗത്തിലേക്ക് നമുക്ക് ഇനി തിരിയാം: വാക്യം 11 ലെ അവസാനഭാ ഗത്തെ ചിന്തകൾ നാം സംയോജിപ്പിക്കുമ്പോൾ, നമുക്ക് കർത്താവിൽനിന്ന് ഈ പ്രബോധനം ലഭിക്കുന്നു: "ഞാൻ എന്റെ പദ്ധതികൾ നടപ്പാക്കിവരുന്നു. അതനുസരിച്ച് അല്പകാലം കൂടെ എടുക്കും, പക്ഷെ അവ നടപ്പിലാകുമോ എന്ന് സംശയിക്കരുത്. അതിനെ വേഗത്തിലാക്കുവാൻ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല, അതുകൊണ്ട് ക്ഷമയോടെ, കാത്തിരിക്കുക. അസ്വ സ്ഥരാകുന്നതിനുപകരം, നിങ്ങൾക്ക് ലഭിച്ച രക്ഷ അനുഗ്രഹമായി ആസ്വദി ക്കുക!" മറ്റൊരു വാക്കിൽ പറഞ്ഞാൽ, "എന്നെ വിശ്വസിക്കുക, ഞാൻ എല്ലാം ശരിയാക്കും."

വീണ്ടും, ദൈവമേ "എത്രത്തോളം?" എന്ന് ആളുകൾ ചോദിച്ച സന്ദർഭ ങ്ങൾ പരിശോധിക്കുക. ഓരോന്നിന്റേയും, അവസാനം, ദൈവം എല്ലാം ശരി യാക്കു*ന്നത്* കാണാം! തന്റെ ജനത്തെ ഉപദ്രവിക്കുന്നതുമായ ബന്ധത്തിൽ, ദൈവം തന്റെ പദ്ധതിപ്രകാരം എല്ലാം ശരിയാക്കുവാൻ എന്തെല്ലാം ചെയ്യുന്നു എന്ന് വ്യക്തമാക്കുന്നതാണ് അടുത്ത രണ്ട് പാഠങ്ങൾ.[42] "സർവ്വഭൂമിക്കും ന്യായാധിപതിയായവൻ നീതി പ്രവർത്തിക്കാതിരിക്കുമോ?" എന്ന് അബ്രഹാം ചോദിച്ചത് ശരിയായിരുന്നു (ഉൽപത്തി 18:25).

## ഇപ്പോഴത്തെ ദൈവത്തിന്റെ ഉത്തരം

നിങ്ങൾക്കും എനിക്കും കുഴപ്പങ്ങളുണ്ടാകുമ്പോൾ, എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് ചിലപ്പോൾ നാം മനസിലാക്കും: ചിലപ്പോൾ ആ വിഷയത്തെക്കുറിച്ച് ബൈബിളിൽ ഒരു വേദഭാഗമുണ്ടായിരിക്കും. ചിലപ്പോൾ, നാം അത് കണക്കുകൂട്ടുവാൻ ശ്രമിക്കും. എങ്ങനെയായാലും, പലപ്പോഴും, നമ്മുടെ കുഴപ്പങ്ങൾക്ക് ശരിയായ കാരണം കണ്ടെത്തുവാൻ കഴിയുകയില്ല. നമുക്ക് മനസിലാക്കുവാൻ കഴിയാത്തപ്പോൾ പോലും, ഉത്തരം, "ശരിയായതു ചെയ്യുവാൻ എന്നിൽ വിശ്വസിക്കുക" - ആ ഉത്തരത്തിന് ഇപ്പോഴും മൂന്നു ഭാഗങ്ങളുണ്ട്:

(1) "*എന്നെ വിശ്വസിക്കുക. നിങ്ങൾക്ക് മനസിലാകുകയില്ല.*" ഒന്നാം നൂ റ്റാണ്ടിലെ ക്രിസ്ത്യാനികളെപോലെ ദൈവത്തിന്റെ ദീർഘവീക്ഷണപദ്ധതി ന മുക്ക് മനസിലാക്കുവാൻ കഴിയുകയില്ല. ഒന്നാം നൂറ്റാണ്ടിലെ "ചോദ്യകർത്താ ക്കളുടേതിനേക്കാൾ ദൈവത്തിന്റെ വിചാരം വലുതായിരുന്നു" എന്നു നാം കാണുകയുണ്ടായി - അത് ഇപ്പോഴും വാസ്തവമാണ്.[43] നാം നമ്മുടെ ലോക മായ മൂലയെകുറിച്ച് മാത്രം ചിന്തിക്കുമ്പോൾ, ദൈവത്തിന് എല്ലാ വ്യക്തിക ളെക്കുറിച്ചും ചിന്തിക്കേണ്ടതുണ്ട്. നമുക്ക് നമ്മുടെ കുഴപ്പങ്ങളിൽനിന്നുള്ള മോചനം മാത്രം ചിന്തിക്കുമ്പോൾ, ദൈവം നമുക്ക് ഏറ്റവും നല്ലതിനുവേണ്ടി യാണ് ചിന്തിക്കുന്നത്. ദൈവം നമുക്ക് സന്തോഷം തരണമെന്ന് ആഗ്രഹിക്കു മ്പോൾ, നാം നന്നാകണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്.

ദൈവം പറഞ്ഞു, " 'എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളല്ല, നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു,' ... ആകാശം ഭൂമിക്കുമീതെ ഉയർന്നിരിക്കുന്നതുപോലെ എന്റെ വഴികൾ നിങ്ങ

ളുടെ വഴികളിലും, എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു" (യെശയ്യാവ് 55:8, 9). അത് സത്യമാകയാൽ നാം സദൃശവാക്യം 3:5 ലെ പ്രബോധനം അനുസരിക്കണം: "പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്കുക. സ്വന്തവിവേകത്തിൽ ഊന്നരുത്."

(2) *എന്നെ വിശ്വസിക്കുക. ഞാൻ നിങ്ങളെ കുറിച്ച് വിചാരപ്പെടുന്നു.* രക്തസാക്ഷികൾക്ക് നൽകിയതായ വെള്ളയുടുപ്പ് കർത്താവ് നമുക്കും വാഗ്ദാനം ചെയ്തിട്ടുണ്ട് (3:5), അവൻ അവരോട് കാണിച്ച അതേ സ്നേഹം നമ്മോടും പ്രദർശിപ്പിക്കും. കുട്ടികൾ പാടുന്നു, "യേശു എന്നെ സ്നേഹിക്കുന്നു, അത് ഞാൻ അറിയുന്നു"; മുതിർന്നവർ പാടുന്നു, "സ്നേഹം എന്നെ ഉയർത്തുന്നു." ആ വരികളിലെ വാക്കുകൾ സത്യമായതുകൊണ്ടാണ് നാം ആ പാട്ടുകൾ പാടുന്നത്! യോഹന്നാൻ എഴുതി, "നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുവാൻ അയച്ചതുതന്നെ സാക്ഷാൽ സ്നേഹം ആകുന്നു" (1 യോഹന്നാൻ 4:10). ദൈവസ്നേഹത്തിന്റെ ഉറപ്പ് നമുക്ക് ഉള്ളതുകൊണ്ട്, അവന് നമ്മോട് ഹൃദയംഗമമായ താൽപര്യമുണ്ടെന്ന് നമുക്ക് അറിയാം - നമ്മുടെ ജീവിതത്തിൽ എന്തു സംഭവിച്ചാലും ശരി.

(3) *"എന്നെ വിശ്വസിക്കുക: അത് ശരിയായി തീരും." എന്തുകൊണ്ട്* ഇതെല്ലാം സംഭവിക്കുന്നത്, ദൈവത്തിന്റെ മൊത്തത്തിലുള്ള പദ്ധതി *എന്താണ്,* അവൻ അത് *എപ്പോഴായിരിക്കും* നടപ്പാക്കുന്നത് തുടങ്ങിയവ അറിയുവാൻ നമുക്ക് മിക്കപേർക്കും താൽപര്യമുണ്ട്. പണ്ട് വിശുദ്ധന്മാരായിരുന്ന ചോദ്യകർത്താക്കളോടുള്ള അതേ സന്ദേശം തന്നെയാണ് അടിസ്ഥാനപരമായി നമുക്കും ഉള്ളത്. "ശാന്തരായിരിക്കുക. ഞാൻ എന്റെ പദ്ധതി നടപ്പാക്കുന്നതുവരെ, ക്ഷമയോടെ കാത്തിരിക്കുക, അതിനിടയിൽ ഞാൻ നിങ്ങൾക്ക് നൽകിയ അനുഗ്രഹങ്ങൾ ആസ്വദിക്കുക!" നാം ആഗ്രഹിക്കുന്നതുപോലെ ആയിരിക്കയില്ല ദൈവത്തിന്റെ ഉത്തരം, എന്നാൽ അതാണ് നമുക്ക് ആവശ്യം.

ഒരു പരിചയമുള്ള ഗാനത്തിൽ ഈ വാക്കുകൾ അടങ്ങിയിരിക്കുന്നു:

> എന്നിട്ടും വിശുദ്ധന്മാർ തങ്ങളുടെ വീക്ഷണം ശ്രദ്ധയോടെയാണ്,
> അവർ നിലവിളിക്കുന്നു: "എത്രത്തോളം, എത്രത്തോളം?"
> ഉടൻ രാത്രിയിൽ കരച്ചിൽ വരുന്നത്
> വിലാപ ഗാനമായിരിക്കും.[44]

"എത്രത്തോളം?" എന്ന ചോദ്യം ശ്രദ്ധിക്കുക - പക്ഷെ ഒരു നാൾ എല്ലാം ശരിയാക്കും എന്ന ആത്മവിശ്വാസവും ശ്രദ്ധിക്കുക. ഞാൻ അത് വീണ്ടും പറയട്ടെ: നമ്മുടെ വഴിയിൽ കുഴപ്പം നേരിടുമ്പോൾ, കർത്താവിൽ തന്നെ ആശ്രയിക്കുവാൻ നാം ശീലിക്കണം!

> "... നിങ്ങളുടെ ദൈവമായ യഹോവയിൽ വിശ്വസിപ്പിൻ, എന്നാൽ നിങ്ങൾ ഉറെച്ചു നിൽക്കും ..." (2 ദിനവൃത്താന്തം 20:20).

> നിന്റെ വഴി യഹോവയെ ഭരമേൽപിക്ക, അവനിൽതന്നെ ആശ്രയിക്ക (സങ്കീർത്തനങ്ങൾ 37:5).

“യഹോവയാം യാഹിൽ ശാശ്വതമായോരു പാറയുള്ളതിനാൽ യഹോവയിൽ എന്നേക്കും ആശ്രയിപ്പിൻ” (യെശയ്യാവ് 26:4).

“യഹോവയിൽ ആശ്രയിക്കയും യഹോവ തന്നെ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ” (യിരെമ്യാവ് 17:7).

## ഉപസംഹാരം

“നിങ്ങൾക്ക് ചോദ്യങ്ങളുണ്ടോ? ദൈവത്തിന് ഉത്തരങ്ങളുണ്ട്!” നമ്മുടെ ചില ചോദ്യങ്ങൾക്ക് ദൈവം ഉടനെ മറുപടി നൽകും; മറ്റുള്ളവക്ക് മറുപടി വൈകും. ചിലതിന് മറുപടി അർഹിക്കാത്തതുകൊണ്ട് അവൻ മറുപടി നൽകുകയില്ല. ദൈവം മറുപടി നൽകിയാലും ഇല്ലെങ്കിലും, അവനാണ് ശരി – നാം അവനിൽ വിശ്വസിക്കണം.

ഒരു ചോദ്യത്തിന്, ദൈവം മറുപടി നൽകി കഴിഞ്ഞു – അവന്റെ വചനത്തിൽ. ആ ചോദ്യം 1 പത്രൊസ് 4:17 ലുണ്ട്: “ദൈവത്തിന്റെ സുവിശേഷം അനുസരിക്കാത്തവരുടെ ഗതി എന്താകും?” അതിനുള്ള ഉത്തരം 2 തെസലൊനിക്യർ 1:7, 8 ലുണ്ട്: “കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി, അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ... ദൈവത്തെ അറിയാത്തവർക്കും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പകരം നൽകും.”

നിങ്ങൾ സുവിശേഷം അനുസരിച്ച്,[45] വീണ്ടും ജനിക്കുന്നതുവരെ,[46] നിങ്ങൾക്ക് ദൈവമകനുള്ള ആനുകൂല്യം ലഭിക്കുകയില്ല. നിങ്ങൾ സുവിശേഷം അനുസരിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, ഇന്നു തന്നെ അനുസരിക്കുക!

---

## പ്രാസംഗികർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

“രക്തസാക്ഷികളുടെ വിലാപം” എന്ന തലവാചകം തിരുവെഴുത്തിലെ ഈ ഭാഗത്തിന് ചിലപ്പോൾ കൊടുത്തു കാണുന്നുണ്ട്.

ഈ പാഠത്തിന്റെ അവസാനം പറഞ്ഞ യാഗപീഠത്തിൻകീഴിലുണ്ടായിരുന്ന വിശുദ്ധന്മാരുടെ കാഴ്ച്ച വിവിധഘടകങ്ങൾ യോജിപ്പിച്ചുള്ളതാണ്. ആ ചിത്രത്തിന്റെ ഇടത്തുവശത്തുണ്ടായിരുന്ന വിശുദ്ധന്മാർ “എത്രത്തോളം?” എന്നു നിലവിളിക്കുകയായിരുന്നു. വലത്തുവശത്തുള്ള, ഒരു ദൂതൻ, വിശുദ്ധന്മാരിൽ ഒരാൾക്ക് ഒരു ഉടുപ്പ് കൊടുക്കുന്നു. (പിന്നെ, സൂചനയാൽ, ആ വിശുദ്ധനോട് കാത്തിരിക്കുവാൻ പറയുന്നു.) ചിത്രീകരണങ്ങളിൽ ഒന്നിൽ ഇതാദ്യമായിട്ടാണ് ഒരു ദൂതൻ വരുന്നത്, അതുകൊണ്ട് ബ്രയൻ വാറ്റ്സ് ആ ദൂതന് ചിറക് വരക്കാതിരുന്നത് നന്നായി എന്നു പറയട്ടെ. കെരൂബുകളും സാറാഫുകളും ബൈബിളിൽ ചിറകുകളുള്ളതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്, എന്നാൽ ആളുകൾക്ക് പ്രത്യക്ഷരായ ദൂതന്മാർക്ക് ചിറകുകളുണ്ടായിരുന്നതായി പറയുന്നില്ല (ഉദാഹരണത്തിന്, ലൂക്കൊസ് 24:4; പ്രവൃത്തികൾ 1:10 നോക്കുക). ഈ പരമ്പരയിൽ ചിറകുകളില്ലാതെയാണ് ദൂതന്മാരെ വിവരിച്ചിരിക്കുന്നത്.

കുറിപ്പുകൾ

[1]ഇതു ജോൺ വിക്ക് ബോമാന്റെ വെളിപ്പാടിനെ കുറിച്ചുള്ള പുസ്തകത്തിന്റെ തലവാചകമാണ്: *ദ ഫസ്റ്റ് ക്രിസ്റ്റ്യൻ ഡ്രാമാ: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഫില ദെൽഫിയ: വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1955). [2]ഞാൻ താമസിക്കുന്ന പ്രദേശത്തെ ഒരു ചൊല്ലാണിത്: “നിങ്ങൾക്ക് ചോദ്യങ്ങളുണ്ടോ? ഞങ്ങൾക്ക് ഉത്തരമുണ്ട്.” [3]*മാർട്ടസ്* എന്നതിന്റെ ക്രിയാരൂപമാണ് “സാക്ഷ്യം” എന്ന് തർജിമ ചെയ്തിരിക്കുന്നത്, അതിൽനിന്നാണ് നമുക്ക് “മാർട്ടിർ” എന്ന വാക്ക് ലഭിച്ചിരിക്കുന്നത്. [4]ചുവന്ന കുതിരപ്പുറത്തിരിക്കുന്നവനുമായുള്ള ബന്ധത്തിൽ, അതേ വാക്ക് തന്നെയാണ് അടിസ്ഥാനപരമായി ഉപയോഗിച്ചിരിക്കുന്നത് (6:4). [5]ചില മൃഗങ്ങളെയും പക്ഷികളെയും വേട്ടയാടുന്നത് അമേരിക്കയിലെ ഓരോ സംസ്ഥാനത്തിനും പ്രത്യേക നിയമാവലികളുണ്ട്. “ഓപ്പൺ സീസൺ” കാലത്ത് ചില മൃഗങ്ങളിൽ ഒന്നിനെ വെടി വെക്കാം; “ഓപ്പൺ സീസൺ” അല്ലാത്ത സമയത്ത് മൃഗങ്ങളെ വേട്ടയാടുന്നത് വിയമരഹിതമാണ്. [6]ഇതിൽനിന്നാണ് നമുക്ക് “സൈക്കേ,” “സൈക്കോളജി” തുടങ്ങിയ വാക്കുകൾ കിട്ടിയത്. [7]സൂക്കേ, അല്ലെങ്കിൽ “സോൾ” ഒരു വ്യക്തിയെ സൂചിപ്പിച്ചും ഉപയോഗിച്ചിട്ടുണ്ട് (1 പത്രൊസ് 3:20; കെജെവിയുമായി താരതമ്യം ചെയ്യുക). [8]മനുഷ്യന്റെ അമർത്യഭാഗത്തെ സൂചിപ്പിച്ചും ചിലപ്പോൾ *സൂക്കേ* എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട് (ഉദാഹരണത്തിന്, മത്തായി 10:28 നോക്കുക). *സൂക്കേ* എന്ന വാക്കിന്റെ അർത്ഥം സന്ദർഭം വ്യക്തമാക്കും. [9]ആ ആത്മാക്കൾ *എവിടെ*യായിരുന്നു എന്ന് യോഹന്നാൻ എങ്ങും തൊടാതെ പറയുന്നതേയുള്ളു. രക്തസാക്ഷിത്വം വഹിച്ചവർ നേരിട്ട് സ്വർഗത്തിലേക്ക് ന്യായവിധി കൂടാതെ പോയി എന്ന് പിന്നീട് മനുഷ്യപാരമ്പര്യം പറയുന്നുണ്ട് - അത് തെളിയിക്കുവാൻ അവർ വെളിപ്പാട് പുസ്തകം എടുക്കുകയും ചെയ്യുന്നുണ്ട്. ആ ആത്മാക്കൾ ന്യായവിധിക്കായി കാത്തുകിടക്കുന്ന സ്ഥലം വ്യക്തമാക്കുകയായിരുന്നില്ല യോഹന്നാന്റെ ഉദ്ദേശം. പാതാളലോകത്തിൽ, നന്മ ചെയ്തവരുടേയും, തിന്മ ചെയ്തവരുടേയും ആത്മാക്കൾ - ന്യായവിധിക്കായി കാത്തുകിടക്കുന്നതിനെ കുറിച്ചുള്ള വിശദാംശങ്ങൾ - ലൂക്കൊസ് 16-ൽ കാണാം. [10]യഹോവാസാക്ഷിക്കാരും മറ്റു ഭൗതികസംഘടനകളും മനുഷ്യന് ഒരു അമർത്യ ആത്മാവുണ്ടെന്ന കാര്യം നിഷേധിക്കുകയാണ്. ഒരാളുടെ ശരീരം മരിക്കുമ്പോൾ, ദൈവത്തിന്റെ ഓർമ്മയിലല്ലാതെ ആ മനുഷ്യൻ പിന്നെ ഉണ്ടാകുന്നതല്ല എന്നാണ് അവർ അവകാശപ്പെടുന്നത്. അവരുടെ സിദ്ധാന്തമനുശസരിച്ച്, പുനരുത്ഥാനം, വാസ്തവത്തിൽ ഒരു പുനസൃഷ്ടിയാണ്. ഇതിനേയും ഇതുപോലെയുള്ളതിനേയും “ആത്മാക്കൾ നിദ്രകൊള്ളുന്ന” സിദ്ധാന്തം എന്നാണ് വിളിക്കുന്നത്.

[11]ഈ പുസ്തകത്തിൽ പിന്നീട് വരുന്ന സമാഗമനകൂടാര ഡയഗ്രം നോക്കുക. [12]യാഗപീഠം അർത്ഥമാക്കിയതിനെ സംബന്ധിച്ച് വ്യാഖ്യതാക്കൾക്ക് ഭിന്നാഭിപ്രായമുണ്ടെങ്കിലും, മിക്കവാറും എല്ലാവരും ഒരു യാഗപീഠം മാത്രമെയുള്ളു എന്ന് സമ്മതിക്കും. [13]റോബെർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവെലേഷൻ.* ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 157. [14]യേശു “ഒരിക്കൽ-എന്നേക്കുമായി” യാഗം അർപ്പിച്ചതുകൊണ്ട്, അത് യാഗം കഴിക്കുന്ന യാഗപീഠമല്ല എന്ന് ചിലർ വാദിച്ചിട്ടുണ്ട് (എബ്രായർ 10:10, 12), എന്നാൽ ക്രിസ്ത്യാനികൾ ആത്മികയാഗം/വഴിപാട് കഴിക്കുന്നതിനെ കുറിച്ച് പറഞ്ഞിട്ടുണ്ട് (എബ്രായർ 13:15; കൂടാതെ റോമർ 12:1). [15]ആ അലങ്കാരം നമ്മെ ഉൽപത്തി 4:10 ഓർപ്പിക്കുന്നതിനുകൂടെയാണ്. [16]പല തർജിമകളിലും “ഉൽകൃഷ്ട കർത്താവ്” എന്നാണ്. നല്ല തർജിമ “യജമാനൻ” എന്നായിരി

ക്കും. [17]അതിനാൽ ചിലർ വെളിപ്പാട് പുസ്തകത്തെ പുതിയനിയമ ഭാഗമായി സ്വീകരിക്കുന്നില്ല. പുസ്തകത്തിന്റെ വിശ്വാസയോഗ്യതയെ പ്രതികാരം തെളിയിക്കുന്നു എന്നാണ് ചിലരുടെ വാദം. വെളിപ്പാടിന്റെ ദൈവശ്വാസിയതയെ വിശ്വസിക്കുന്ന ചിലർ പറയുന്നത് "യാഗപീഠത്തിൻ കീഴിലുണ്ടായിരുന്നവർ" ക്രിസ്ത്യാനികളായിരുന്നില്ല, മറിച്ച് യഹൂദന്മാരായിരുന്നു എന്നാണ്. എങ്ങനെയായാലും, അവർ ക്രിസ്ത്യാനികൾ തന്നെയായിരുന്നു: (1) യോഹന്നാൻ നാട് കടത്തപ്പെട്ട അതേ കുറ്റത്തിനായിരുന്നു അവർ കൊല്ലപ്പെട്ടത് (1:9; 6:9). (2) ക്രിസ്ത്യാനികൾക്ക് വാഗ്ദാനം ചെയ്തിരുന്ന പ്രതിഫലം അവർക്ക് ലഭിച്ചു (3:5). (3) ക്രിസ്ത്യാനികളെ ആശ്വസിപ്പിക്കേണ്ടതിനാണ് വെളിപ്പാട് എഴുതിയത് (യെഹൂദന്മാരെ അല്ല), അവരായിരുന്നു ഉപദ്രവിക്കപ്പെട്ടത്. [18]മത്തായി 5:39. [19]ലൂക്കൊസ് 23:34. തന്നെ കല്ലെറിഞ്ഞു കൊല്ലുവാൻ ശ്രമിച്ചവർക്ക് വേണ്ടി സ്തെഫാനൊസ് ഇതേപോലെ പ്രാർത്ഥിക്കുകയുണ്ടായി (പ്രവൃത്തികൾ 7:60). [20]നീതിനിർവ്വാഹണ സംവിധാനവും പലപ്പോഴും-കുറ്റവാളികളെ ഉടനെ ശിക്ഷിക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടുകൂടെയാണ് എന്ന് ചിലർ കരുതുന്നു, കാരണം, എന്തായാലും, ക്രിസ്ത്യാനികൾ നേരിട്ട് പ്രതികാരം വീട്ടുകയോ മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കയോ ചെയ്തിരുന്നില്ല.

[21]നിങ്ങൾ ഇത് ഒരു ബൈബിൾ ക്ലാസിനോ പ്രസംഗത്തിനോ ഉപയോഗിക്കുകയാണെങ്കിൽ നിങ്ങളുടെ ശ്രോതാക്കളോട് പ്രതികരിക്കുവാൻ പറയണം. [22]ഞാൻ ബുധനാഴ്ച്ച വൈകുന്നേരം ക്ലാസെടുക്കുമ്പോൾ, വിദ്യാർത്ഥികളിൽ ഒരാൾ പറഞ്ഞതു, കൊച്ചുകുട്ടികൾക്ക് പോലും നീതിബോധം ഉണ്ട് എന്നാണ്. [23]വ്യക്തിപരമായും രഹസ്യമായും തെറ്റു ചെയ്തവരോട് പകരം വീട്ടുവാൻ തങ്ങളെ ദൈവം-ആക്കിയിരിക്കുന്നു എന്ന വിശ്വാസം നിമിത്തമാണ് വലിയ ദുഷ്ടത പെരുകുവാനുള്ള കാരണം. "അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ" (റോമർ 13:4), എന്നാൽ ആ പ്രതികാരം ഒരിക്കലും വ്യക്തിപരമാകരുത്. [24]പൗലൊസിന്റെ തന്നെ ഉപദേശം എടുക്കുന്നതിന്റെ ഉദാഹരണത്തിന്, 2 തിമൊഥെയൊസ് 4:14 നോക്കുക. [25]മൈക്കിൽ വിൽകോക്ക്, ഐ സാ ഹെവൻ ഓപ്പെന്റ്: ദ മെസേജ് ഓഫ് റെവെലേഷൻ. ദ ബൈബിൾ സ്പീക്ക് ടുഡേ സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1975), 73. [26]നൽകിയ ഉദാഹരണത്തിന് പുറമേ, സങ്കീർത്തനങ്ങൾ 6:3; 35:17; 74:9–11; 79:5; 80:4; 89:46; 90:13; യെശയ്യാവ് 6:11; യിരെമ്യാവ് 47:6; സെഖര്യാവ് 1:12 നോക്കുക. [27]2 പത്രൊസ് 3 ന്റെ പല സമാനതകളുമെടുക്കാം, അവിടെ ചിലർക്ക് ദൈവത്തിന്റെ സമയവിവരപ്പട്ടിക പ്രശ്നമുണ്ടാക്കി. ആ വേദഭാഗത്തെ ഈ പാഠത്തിൽ പിന്നീട് പറയുന്നുണ്ട്. [28]നിങ്ങൾക്ക് വേണമെങ്കിൽ "ഭ്രാന്ത് പിടിച്ച" ലോകത്തിന് ആനുകാലികസംഭവങ്ങൾ ഏതെങ്കിലും എടുത്തു പറയാം. [29]ആരാണ് അവർക്ക് ഉടുപ്പ് കൊടുത്തത്? ആരാണ് അവരോട് "വിശ്രമിക്കുവാൻ" പറഞ്ഞത്? ഒരുപക്ഷെ ദൂതന്മാരായിരിക്കാം ഉടുപ്പ് കൊടുത്തത് (എബ്രായർ 1:13, 14). പ്രബോധനം വന്നത് യാഗപീഠത്തിൽനിന്നുതന്നെയാണ് (9:13 നോക്കുക). വാക്കുകൾക്കും പ്രവൃത്തികൾക്കും പിന്നിൽ ദൈവമായിരുന്നു എന്നതാണ് പ്രാധാന്യമുള്ള കാര്യം. [30]സാധ്യതയുള്ള ഒരു ഒഴികഴിവ് യെശയ്യാവ് 6:11 ആണ്.

[31]*ഇയ്യോബി*ന്റെ പരാതികൾക്ക് ദൈവം നേരിട്ടു മറുപടി പറഞ്ഞില്ല എന്ന ഒരു സമാനതഎടുക്കാവുന്നതാണ്, പകരം ഇയ്യോബിന് മനസിലാക്കുവാൻ കഴിവില്ല എന്ന് തെളിയിക്കുവാനായി ദൈവം അവനോട് നിരവധി ചോദ്യങ്ങളാണ് ചോദിക്കുന്നത്. [32]ജെ. ഡബ്ലിയു. റോബെർട്ട്സ്. *ദ റെവെലേഷൻ ടു ജോൺ (ദ അപോകാലിപ്സ്),* ദ ലിവിങ്ങ് വേർഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 67. [33]*സ്റ്റോൾ* എന്ന ഗ്രീക്ക് വാക്കാണ് 6:11-ൽ "ഉടുപ്പ്" എന്നതിന് ഉപയോഗിച്ചത്

(ഉച്ചാരണം "സ്റ്റോ-ലേ" എന്നാണ്). അത് ഒരു "നീണ്ട വസ്ത്രം" ആയിരുന്നു (ഹോമർ ഹെയ്ലി, *റെവെലേഷൻ* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979], 196). വെളിപ്പാട് പുസ്തകത്തിൽ ആ വാക്ക് ഇതാദ്യമായാണ് ഉപയോഗിച്ചിരിക്കുന്നത് (വീണ്ടും അത് 7:9, 13; 22:14 ലെല്ലാം ഉപയോഗിക്കുന്നുണ്ട്), എന്നാൽ അത് 1:13-ൽ ഉപയോഗിച്ച അതേ രീതിയിലുള്ള വസ്ത്രത്തെ പറ്റി സൂചിപ്പിക്കുന്നതിനാണ്. "ഒരു ഉടുപ്പ് [അല്ലെങ്കിൽ വസ്ത്രം] പാദം വരെ നീണ്ടു കിടക്കുന്നതാണ്." പൊതുവിൽ "ഉടുപ്പ്" അല്ലെങ്കിൽ "വസ്ത്രം" എന്ന വാക്ക് 3:4, 5, 18; 4:4; 16:15; 19:13, 16-ൽ കാണാം, എന്നാൽ വാക്കിന്റെ അർത്ഥത്തിന് രണ്ടിനും വെളിപ്പാടിൽ പ്രകടമായ വ്യത്യാസമുണ്ട്. [34]ഈ പുസ്തകത്തിൽ നേരത്തെ വന്ന "ഇടിമുഴക്കുന്ന കുളമ്പടികൾ" എന്ന പാഠത്തിലെ 6:2 ലെ കുറിപ്പുകൾ നോക്കുക. വിജയിക്കുന്നവർ വെള്ളയുടുപ്പ് ധരിക്കുമെന്നതിന്റെ ഉദാഹഹരണങ്ങൾക്ക്, 7.9 ഉം 19:14 ഉം നോക്കുക. [35]ബോമാൻ, 51. ആ കാലത്ത് ഓരോ സന്ദർഭത്തിലും പ്രത്യേക വസ്ത്രം ധരിക്കേണ്ട മാതൃകക്ക് മത്തായി 22:11-13 നോക്കുക. [36]എങ്ങും തൊടാതെ പറഞ്ഞിരിക്കുന്ന പദപ്രയോഗമാണ് "അല്പ കാലം" എന്നത്. ("അല്പ കാലം" എന്നത് എന്തിനോടാണ് താരതമ്യം ചെയ്തത്?) ഉപദ്രവം എന്നേക്കുമുള്ളതല്ല എന്ന് ക്രിസ്ത്യാനികളെ ഉറപ്പിക്കുന്നതായിരുന്നു ആ പദപ്രയോഗം; അത് അവസാനിക്കുവാനിരിക്കുന്നു. [37]*ദ ന്യൂടെസ്റ്റമെന്റ്: ആൻ അമേരിക്കൻ ട്രാൻസ്ലേഷൻ,* എഡി. എഡ്ഗാർ ജെ. ഗുഡ്സ്പീഡ് (ഷിക്കാഗോ: ദ യൂണിവേർസിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 1923), 460. [38]എണ്ണുന്നതിന് നിങ്ങളുടെ പ്രദേശത്തെ തത്തുല്യമായത് പറയുക. ഞാൻ യുക്രെയിനിലായിരുന്നപ്പോൾ, ചില കച്ചവടക്കാർ അബാകൂസസ് ഉപയോഗിച്ചിരുന്നു. [39]ലെയോൺ മോറിസ്, *റെവെലേഷൻ*, റെവ. എഡി., ദ ടിൻഡെയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 107. [40]ദൈവഭക്തരുടെ മരണത്തെ നാം കാണുന്നതുപോലെയല്ല ദൈവം കാണുന്നത് എന്ന് പറയാം (സങ്കീർത്തനങ്ങൾ 116:15).

[41]ടോമി സൗത്ത്, "ദ ഫോർ മെസേജസ് ഓഫ് ദ സെവെൻ സീൽസ്" *ട്രൂത്ത് ഫോർ ടുഡേ* (നവംബർ 1988):10. [42]നിങ്ങൾക്ക് വേണമെങ്കിൽ 19:2 പറയാം: "തന്റെ ദാസന്മാരുടെ രക്തം അവളോട് ചോദിച്ചു പ്രതികാരം ചെയ്തു ...". [43]ഉപയോഗിക്കാവുന്ന ഒരു ആശയം ഇതാ: "നിങ്ങളും ഞാനും തുരങ്കം കണ്ടിട്ടുണ്ട്." നിങ്ങളുടെ ശ്രോതാക്കൾക്ക് മനസിലാക്കാവുന്ന "ഒരു തുരങ്ക കാഴ്ച്ച" ചിത്രീകരിക്കുക. ഒരാൾക്ക് ഗ്ലൗക്കോമാ പിടിച്ച്ചുറ്റും നടക്കുന്നത് ഒന്നും, കാണുവാൻ കഴിയത്ത കുതിര സവാരി പാഞ്ഞുവരുന്നതടക്കം പറയാം. [44]എസ്. ജെ. സ്റ്റോൺ, "ദ ചർച്ചസ്' വൺ ഫൗണ്ടേഷൻ," *സോങ്ങ്സ് ഓഫ് ദ ചർച്ച്,* എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1977). ആ പാട്ട് നിങ്ങളുടെ പാട്ട് പുസ്തകത്തിലുണ്ടെങ്കിൽ, നിങ്ങൾക്ക് ആരാധനയിൽ അത് പാടാം. "ക്രിസ്തു മടങ്ങി വരുന്നു" എന്ന പാട്ടിലും "എത്രത്തോളം?" എന്ന വാക്ക് വരുന്നുണ്ട്. [45]റോമർ 6:3, 4, 17, 18 നാം എങ്ങനെ സുവിശേഷം "അനുസരിക്കണം" എന്ന് പറയുന്നു (യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയടങ്ങുന്ന സുവാർത്ത): നാം വിശ്വാസത്താലും, മാനസാന്തരത്താലും, പാപത്തെ മരിപ്പിക്കുന്നു; സ്നാനത്തിൽ നാം അടക്കപ്പെടുകയും (മുങ്ങൽ), ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന് എഴുന്നേൽക്കുകയും ചെയ്യുന്നു. [46]യോഹന്നാൻ 3:3, 5, 1 പത്രൊസ് 1:22, 23.

## ചർച്ചക്കും പുനരവലോകനത്തിനുമുള്ള ചോദ്യങ്ങൾ

1. അഞ്ചാമത്തെ മുദ്ര പൊട്ടിച്ചപ്പോൾ യോഹന്നാൻ കണ്ടതെന്ത്?
2. 6:9, 10 ലെ രംഗത്തെ വിവരിക്കുവാൻ നിങ്ങൾ എന്തു വാക്കുകളാണ് ഉപയോഗിക്കുന്നത്? യാഗപീഠത്തിൻകീഴിലുണ്ടായിരുന്നവരെപോലെ നിങ്ങൾക്ക് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?
3. യാഗപീഠത്തിൻകീഴിലുണ്ടായിരുന്നവർ ആരായിരുന്നു? അവർക്ക് എന്തായിരുന്നു സംഭവിച്ചത്?
4. "യാഗപീഠത്തിൻകീഴിൽ" എന്ന വിവരണത്തിന്റെ പ്രാധാന്യമെന്ത്?
5. രക്തസാക്ഷികൾ പ്രതികാരത്തിനായി നിലവിളിച്ചത് നിങ്ങളെ അലോസരപ്പെടുത്തിയോ? ക്രിസ്തീയ ജീവിതത്തിൽ അത്തരം മനോഭാവത്തിന് സ്ഥാനമുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ?
6. പകരം വീട്ടൽ *സ്വാഭാവികമല്ലേ*? "അത്" *ശരി*യാണോ?
7. ദൈവികനീതിയും വ്യക്തിപരമായ പ്രതികാരവും തമ്മിലുള്ള വ്യത്യാസം ചർച്ച ചെയ്യുക.
8. ദുഷ്ടന്മാരെ ശിക്ഷിക്കുന്നത് ദൈവം നീട്ടിക്കൊണ്ടുപോകുന്നതിൽ നിങ്ങൾക്ക് ആശങ്കയുണ്ടായിട്ടുണ്ടോ? എപ്പോഴാണ് അത്തരം ചോദ്യങ്ങൾ തെറ്റാകുന്നത്?
9. പാഠമനുസരിച്ച്, 6:11-ൽ അന്തർലീനമാക്കിയ അടിസ്ഥാന ഉത്തരമെന്ത്? ആ ഉത്തരത്തിൽ അടങ്ങിയ മൂന്നു ഭാഗങ്ങൾ വിവരിക്കുക.
10. യാഗപീഠത്തിൻകീഴിലുള്ളവർക്ക് ഉടുപ്പ് കൊടുത്തതിന്റെ പ്രാധാന്യം എന്തായിരുന്നു?
11. 6:11 ലെ "വിശ്രമം" എന്ന വാക്കിന്റെ അർത്ഥം എന്ത്?
12. ദൈവത്തിന്റെ പദ്ധതികൾ മൊത്തത്തിൽ നിങ്ങൾക്കും എനിക്കും എപ്പോഴും മനസിലാകുമോ? നമുക്ക് മനസിലാകാതെ വരുമ്പോൾ, നാം എന്തു ചെയ്യും?



യാഗപീഠത്തിൻകീഴിലുള്ള
ആത്മാക്കൾ (6:9)